"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിത ശിശു വികസന വകുപ്പ്-2026- 27 സാമ്പത്തിക വർഷം-പ്രധാൻമന്ത്രി മാതൃ വന്ദന യോജന (PMMVY) പദ്ധതിക്കായി റി-അപ്രൊപ്രിയേഷൻ മുഖേന തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിത ശിശു വികസന(ബി) വകുപ്പ്**

സ.ഉ.(സാധാ) നം.192/2026/WCDD തീയതി,തിരുവനന്തപുരം, 25-05-2026

---

പരാമർശം:-

1. കേന്ദ്രസർക്കാരിന്റെ 22/04/2026 ലെ PM-15/1/2025-PMMVY നമ്പർ കത്ത്
2. വനിത ശിശു വികസന ഡയറക്ടറുടെ 12/05/2026 തീയതിയിലെ DWCD/2537/2026-PMMVY2 നമ്പർ കത്ത്
3. സ.ഉ(സാധാ)നം.4489/2026/ധന തീയതി 21/05/2026

**ഉത്തരവ്**

കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാൻ മന്ത്രി മാതൃ വന്ദന യോജനയുടെ (PMMVY-60:40) (KL-272) 2026-27 സാമ്പത്തിക വർഷത്തെ മദർ സാംങ്ഷൻ ആയി ₹11,15,62,500/- രൂപ (പതിനൊന്ന് കോടി പതിനഞ്ച് ലക്ഷത്തി അറുപത്തിരണ്ടായിരത്തി അഞ്ഞൂറ് രൂപ മാത്രം) കേന്ദ്രസർക്കാരിന്റെ പരാമർശം(1) പ്രകാരം അനുവദിച്ചിട്ടുണ്ട്.

വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | ബജറ്റ് ഹെഡ് | അനുവദിച്ച തുക രൂപയിൽ |
|---|---|---|
| 1 | 3601. 06 .101. 82. 10.31 | 9,99,54,000 |
| 2 | 3601. 06. 789. 86. 01.31 | 1,04,37,000 |
| 3 | 3601. 06.796.94.01.31 | 11,71,500 |
| ആകെ | | **11,15,62,500** |

(2) 2026-27 സാമ്പത്തിക വർഷം പദ്ധതിക്കായി സംസ്ഥാന ബജറ്റ് ശീർഷകമായ 2235-02-103-56(2) ശീർഷകത്തിൽ 3000 ലക്ഷം ആണ് വകയിരുത്തിയിട്ടുള്ളത്. എന്നാൽ നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റ് എസ്റ്റിമേറ്റ് പ്രകാരം പ്രസ്തുത പദ്ധതിക്കായി വകയിരുത്തിയിട്ടുള്ള എസ്.സി, എസ്.റ്റി ശീർ ഷകങ്ങളിൽ നിലവിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലെന്നും, ആയതിനാൽ പദ്ധതിക്കായുള്ള എസ്.സി, എസ്.റ്റി ശീർ ഷകങ്ങളിലേക്ക് റീ-അപ്രൊപ്രിയേഷൻ മുഖേന തുക വകയിരുത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും വനിത ശിശു വികസന ഡയറക്ടർ പരാമർശം(2) പ്രകാരം അഭ്യർഥിച്ചിട്ടുണ്ട്.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം(3) പ്രകാരം റീ-അപ്രൊപ്രിയേഷൻ മുഖേന തുക വകയിരുത്തിയിട്ടുണ്ട്. 2026-27 സാമ്പത്തിക

വർഷം പ്രധാൻമന്ത്രി മാതൃ വന്ദന യോജന (PMMVY) പദ്ധതിയുടെ എസ്.സി 2235-02-789-91-02 ശീർഷകത്തിൽ ₹1,73,95,000 രൂപയും, എസ്.റ്റി 2253-02-796-91-02 ശീർഷകത്തിൽ ₹19,53,000/-രൂപയും ചേർത്ത് ആകെ **₹1,93,48,000**(ഒരു കോടി തൊണ്ണൂറ്റിമൂന്ന് ലക്ഷത്തി നാല്പത്തിയെട്ടായിരം രൂപ) രൂപ മാത്രം പദ്ധതിക്കായി റീ-അപ്രൊപ്രിയേഷൻ മുഖേന വകയിരുത്തിയും, പദ്ധതിക്കു വേണ്ടി തുക വിനിയോഗിക്കുന്നതിനുള്ള അനുമതി നൽകിയും ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡിഷണൽ സെക്രട്ടറി

വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് WCD-1/129/2026-FIN(E:3505353) തീയതി 22/05/2026
വെബ് & ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sithara Vijayan
Date: 25-05-2026 16:06:21
സെക്ഷൻ ഓഫീസർ